II ഇ.ബി. XIII- കേരള നിയമസഭ/XI-3

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ജൂൺ 11, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

7(*61) **മദ്യശാല തൊഴിലാളികളുടെ പുനരധിവാസം**

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, ബാറുകൾ അടച്ചുപൂട്ടിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ തൊഴിലാളികളുടെ പുനരധിവാസത്തിനുള്ള തൊഴിൽ വകുപ്പിന്റെ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം എടുക്കുന്ന മുറയ്ക്ക് ഇതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിഗണിക്കുന്നതാണെന്നും സഭയെ അറിയിച്ചു. അടച്ചുപൂട്ടിയ 418 ബാറുകളിൽ ജോലി ചെയ്തിരുന്ന 593 തൊഴിലാളികൾ അബ്കാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാറുകളോടനുബന്ധിച്ചുള്ള റസ്റ്ററന്റ്, ഹോട്ടൽ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന

ഇ.എസ്.ഐ.-യും പി.എഫ്-ഉം ഉള്ള 6670 തൊഴിലാളികളെക്കൂടി അബ്കാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കി ആനുകൂല്യങ്ങൾ നൽകുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. അടച്ചുപൂട്ടപ്പെട്ട ബാറുകളോടനുബന്ധിച്ചുള്ള റസ്റ്റാറന്റുകൾ, ഹോട്ടലുകൾ എന്നിവ തുറന്നു പ്രവർത്തിപ്പിക്കാത്ത തൊഴിലുടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. മദ്യഷാപ്പുകൾ അടച്ചുപൂട്ടിയശേഷം ബിവറേജസ് കോർപ്പറേഷന്റെ മദ്യ വിൽപ്പനയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും വിദ്യാർത്ഥികളിൽ മദ്യപാനാസക്തി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നതായും ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടലുകൾ കാരണം അട്ടപ്പാടി മേഖലയിൽ മദ്യ ഉപയോഗം കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്നും സംസ്ഥാനത്ത് ഘട്ടംഘട്ടമായി മദ്യവർജ്ജനം നടപ്പാക്കുകയെന്നതാണ് സർക്കാരിന്റെ നയമെന്നും ഉപചോദ്യങ്ങളിൽ ഇടപെട്ടുകൊണ്ട് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി വ്യക്തമാക്കി.

8(*62) **<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ)നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ സർക്കാർ

ആശുപത്രികളിലും സൗജന്യമായി ജീവൻ രക്ഷാ മരുന്നുകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെയും ഇൻഡന്റ് അനുസരിച്ച് വിതരണം ചെയ്യുക, ആരോഗ്യ വകുപ്പിലെ ആശുപത്രികൾക്കാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുക, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന മരുന്ന് വിപണിയിൽ ഇടപെട്ട് കുറഞ്ഞ വിലയ്ക്ക് മരുന്ന് വിതരണം ചെയ്യുക തുടങ്ങിയ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ തൃപ്തികരമായാണ് നടന്നുവരുന്നതെന്ന് സഭയെ അറിയിച്ചു. എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലാബുകളിലെ പരിശോധന കർശനമാക്കുകയും റാൻഡം ചെക്കിംഗ് നടത്തുകയും മരുന്നുകമ്പനികളുടെ ടേൺഓവർ വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് മരുന്നുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെ ഫാർമസികളിൽ ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകൾ യഥാസമയം എത്തിക്കുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഡി.എം.ഇ.-യുടെയും ഡി.എച്ച്.എസ്-ന്റെയും കീഴിൽ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും ആഴ്ചയിലൊരിക്കൽ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നതിനു പുറമെ മരുന്ന് വിതരണത്തിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുകയാണെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസറും ആശുപത്രി സൂപ്രണ്ടും ഉത്തരവാദികളായിരിക്കുന്നതാണെന്ന്

നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷൻ എം.ഡി.-ക്കെതിരെ ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിവരികയാണ്. കാരുണ്യ ഫാർമസിയുടെ പ്രവർത്തനം സംബന്ധിച്ച് കാര്യമായ നിരീക്ഷണം നട<u>ത്തു</u>ന്നുണ്ടെന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും 108 ആംബുലൻസുകളുടെ സേവനം സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

9(*63) **<u>നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസ്</u>**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) നൽകിയ മറുപടിയിൽ, കേരളത്തിലെ 59 അണക്കെട്ടുകളെ സംബന്ധിച്ച വിവരങ്ങളാണ് നാഷണൽ രജിസ്റ്റർ ഓഫ് ലാർജ്ജ് ഡാംസിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും27-12-2013-ന് മുമ്പ് (07-11-2012-ലെ അപ്ഡേഷൻ പ്രകാരം) മുല്ലപ്പെരിയാർ, തുണക്കടവ്, പറമ്പിക്കുളം, പെരുവാരിപ്പള്ളം എന്നീ അണക്കെട്ടുകളെ സംബന്ധിച്ച വിവരങ്ങൾ എൻ.ആർ.എൽ.ഡി. രജിസ്റ്ററിൽ 53 മുതൽ 56 വരെ ക്രമനമ്പറുകളിലായി "ഓപ്പറേറ്റഡ് ആന്റ് മെയിന്റയിൻഡ് ബൈ" തമിഴ്നാട് പി.ഡബ്ല്യു.ഡി എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അന്തർസംസ്ഥാന നദീജല

വിഷയങ്ങളുടെകൂടി ചുമതലയുള്ള ചീഫ് എഞ്ചിനീയർ ശ്രീമതി പി. ലതിക പങ്കെടുത്ത നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ 32-മത് യോഗത്തിനുശേഷം പ്രസ്തുത അണക്കെട്ടുകളെ സംബന്ധിച്ച് "4 (four) Dams namely Mullai Periyar (Periyar), Thunacadavu, Parambikulam and Peruvaripallam are located in Kerala State and are operated and maintained by Tamil Nadu PWD" എന്ന അടിക്കുറിപ്പ് എൻ.ആർ.എൽ.ഡി. രജിസ്റ്ററിലെ തമിഴ്നാടിന്റെ പട്ടികയിൽ ചേർത്തിട്ടുണ്ട്. നാല് അണക്കെട്ടുകളെ സംബന്ധിച്ച് "തമിഴ്നാട് ഓൺഡ്, ഓപ്പറേറ്റഡ് ആൻഡ് മെയിന്റയിൻഡ്" എന്ന അടിക്കുറിപ്പ് ചേർക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും "ഓൺഡ് " എന്ന പദം അടിക്കുറിപ്പിൽ ചേർത്തിട്ടില്ല. പരാമർശ അണക്കെട്ടുകളുടെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് നടത്തുന്നത് തമിഴ്നാടാണെന്നുള്ള വസ്തുത പരിഗണിച്ചും ഓൺഡ് എന്ന പദം അടിക്കുറിപ്പിൽ ചേർക്കുന്നത് സംബന്ധിച്ച് യോഗത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാതിരുന്നതിനാലും കേരളത്തിന്റെ പ്രതിനിധി പരാമർശ വിധേയമായ തീരുമാനത്തെ എതിർത്തിരുന്നില്ല. എൻ.ആർ.എൽ.ഡി. രജിസ്റ്ററിൽ തമിഴ്നാടിന്റെ പട്ടികയിൽ ചേർത്തിട്ടുള്ള അടിക്കുറിപ്പ് ഒഴിവാക്കണമെന്ന് എൻ.സി.ഡി.എസ്. അധികാരികളോട് ആവശ്യപ്പെടുകയും തമിഴ്നാടിന്റെ അഭിപ്രായം ആരാഞ്ഞശേഷം ഉചിതമായ നടപടി കൈക്കൊള്ളാമെന്ന് അവർ അറിയിക്കുകയും ചെയ്തിട്ടുള്ളതിനാൽ

കൂടുതൽ അന്വേഷണത്തിന്റെയും നടപടികളുടെയും ആവശ്യം വരുന്നില്ല. 27-12-2013-ൽ നടന്ന നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റി യോഗത്തിന്റെ മിനിട്സിൽ പറഞ്ഞിരിക്കുന്നതിൽനിന്നും വ്യത്യസ്തമായ വിവരങ്ങളാണ് ലഭിച്ചിരിക്കുന്നതെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണെന്ന് മന്ത്രി അറിയിച്ചു. സംസ്ഥാന താൽപ്പര്യത്തിനെതിരായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചതിനെത്തുടർന്ന് അത്തരത്തിൽ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഇക്കാര്യം പരിശോധിച്ച് നിയമസഭയിൽ വ്യക്തമായ മറുപടി നൽകുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 642 മുതൽ 957 വരെയുള്ള ചോദ്യങ്ങളിൽ 85 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)

*********